ഉത്തരം

(എ) ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പുതിയതായി സർക്കാർ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

കോഴിക്കോട് നഗരത്തിൽ അടച്ചുപൂട്ടിയ ഗവൺമെന്റ് സ്കൂളിൽ ടെക്നിക്കൽ സ്കൂൾ തുടങ്ങാൻ നടപടി

138 [5120] ശ്രീ. എ.സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഐ.എച്ച്.ആർ.ഡി.-യുടെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിച്ചിരിക്കുന്ന ടെക്നിക്കൽ സ്കൂൾ ആരംഭിക്കുന്നതിനായി കോഴിക്കോട് നഗരത്തിലെ അടച്ചുപൂട്ടപ്പെട്ട ഏതെങ്കിലും ഗവൺമെന്റ് സ്കൂൾ അനുവദിക്കണമെന്ന അപേക്ഷ പരിഗണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(സി) ഇല്ലെങ്കിൽ കോഴിക്കോട് നഗരത്തിൽ അടച്ചുപൂട്ടിയ ഏതെങ്കിലും ഗവൺമെന്റ് സ്കൂളിൽ ടെക്നിക്കൽ സ്കൂൾ തുടങ്ങാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടേക്കർ സ്ഥലവും താൽക്കാലിക കെട്ടിടവും ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറണമെന്ന വ്യവസ്ഥ പ്രകാരം സ്പോൺസറിംഗ് കമ്മിറ്റി ചൂണ്ടിക്കാണിച്ച ഇരഞ്ഞിപ്പലം ഗവൺമെന്റ് എൽ.പി. സ്കൂൾ വിട്ടുകിട്ടണമെന്ന അപേക്ഷ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്. മറുപടി ലഭിച്ചാലുടൻ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

(സി) ബാധകമല്ല.

കോഴിക്കോട് ടെക്നിക്കൽ ഹൈസ്ക്കൂളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ

139 [5121] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ടെക്നിക്കൽ ഹൈസ്ക്കൂളിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) ഏതെല്ലാം ട്രേഡുകളിലാണ് ഒഴിവ് നികത്താനുള്ളത്;

(സി) എത്രകാലമായി പ്രസ്തുത അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(ബി) ടർണിംഗ്, സോപ്പ് ആന്റ് കാന്റിൽ മേക്കിംഗ്, ഷീറ്റ് മെറ്റൽ, ഫിസിക്സ് എന്നിവയിലാണ് ഒഴിവുകൾ ഉള്ളത്.

(സി) 1. ടർണിംഗ് ട്രേഡ് ഇൻസ്ട്രക്ടർ 10-1-2001 മുതൽ.
2. സോപ്പ് ആന്റ് കാന്റിൽ മേക്കിംഗ് ട്രേഡ് ഇൻസ്ട്രക്ടർ 29-3-2000 മുതൽ.
3. സോപ്പ് ആന്റ് കാന്റിൽ മേക്കിംഗ് ട്രേഡ്സ്മാൻ 1-1-2000 മുതൽ.
4. ഷീറ്റ് മെറ്റൽ ട്രേഡ്സ്മാൻ 6 വർഷമായി.
5. ഫിസിക്സ് എച്ച്. എസ്. എ. 1 വർഷമായി.

(ഡി) സ്വീകരിക്കുന്നതാണ്.

ഏരിപ്പാട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന്റെ പ്രവർത്തനം

140 [5122] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏരിപ്പാട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വാടകക്കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ട് എത്ര വർഷമായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

1985 മുതൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു (18 വർഷം).

പുതുതായി ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ

141 [5123]. ശ്രീ. കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം:
,, എൻ. രാജൻ:
,, എം. കുമാരൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ്, ഡെന്റൽ, ഹോമിയോ, ബി.എഡ്., എം.സി.എ. തുടങ്ങി സംസ്ഥാനത്ത് 2003-04 വർഷത്തിൽ പുതുതായി എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഈ അദ്ധ്യയന വർഷത്തിൽ പുതുതായി ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള മറ്റ് സ്വാശ്രയ പ്രൊഫഷണൽ വിദ്യാലയങ്ങൾ ഏതൊക്കെയാണ്;

(സി) മെഡിക്കൽ, എഞ്ചിനീയറിംഗ്, ആയുർവ്വേദ, സിദ്ധ, ഹോമിയോ, എം.സി.എ., എം.ബി.എ., ഫാർമസി, ബി.ഫാം., എം.ഫാം. തുടങ്ങിയ കോഴ്സുകൾ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വർഷം തീരുമാനിച്ചിട്ടുള്ള ഫീസ് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly